**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2749** **12-07-2022 - ൽ മറുപടിയ്ക്ക്**

**എന്റെ വീട് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എന്റെ വീട് പദ്ധതിയിൽ ഉൾപ്പെടുത്തി കേരള സംസ്ഥാന പിന്നാക്ക വിഭാഗ കോർപ്പറേഷൻ എത്ര പേർക്ക് ഭവന വായ്പ അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം എന്റെ വീട് പദ്ധതിയിൽ ഉൾപ്പെടുത്തി കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നാളിതുവരെ 513 ഭവന വായ്പകൾ അനുവദിച്ചിട്ടുണ്ട്. |
| (ബി) | കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ വഴി നൽകുന്ന ഭവന വായ്പാ പദ്ധതികളും മറ്റ് വായ്പാ പദ്ധതികളും വിശദമാക്കാമോ? | (ബി) | കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ മുഖേന നൽകിവരുന്ന വായ്പാ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## മറ്റു പിന്നാക്ക വിഭാഗങ്ങൾക്കായുള്ള (OBC) പദ്ധതികൾ - NBCFDC പദ്ധതികൾ

| പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് |
|---|---|---|
| 1. സ്വയം തൊഴിൽ പദ്ധതി<br>(3,00,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 15 ലക്ഷം രൂപ | 5 ലക്ഷം രൂപ വരെ - 6%<br>5 ലക്ഷത്തിന് മുകളിൽ<br>10 ലക്ഷം വരെ - 7%<br>10 ലക്ഷത്തിന് മുകളിൽ - 8% |
| 2. വനിതകൾക്കായുള്ള പ്രത്യേക സ്വയം തൊഴിൽ വായ്പ (ന്യൂ സ്വർണ്ണിമ)<br>(3,00,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 2 ലക്ഷം രൂപ | 5% |
| 3. വിദ്യാഭ്യാസ വായ്പാ പദ്ധതി<br>(3,00,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | ഇന്ത്യയ്ക്ക് അകത്ത് പഠിക്കുന്നതിന് 15 ലക്ഷം രൂപ<br>(പ്രതിവർഷം 3 ലക്ഷം രൂപ)<br>വിദേശത്ത് പഠിക്കുന്നതിന് 20 ലക്ഷം രൂപ<br>(പ്രതിവർഷം 4 ലക്ഷം രൂപ) | ആൺകുട്ടികൾ - 4%<br>പെൺകുട്ടികൾ - 3.5% |
| 4. ലഘു വായ്പാ പദ്ധതി<br>(സന്നദ്ധ സംഘടനകൾ / CDS വഴി നൽകുന്ന വായ്പ)<br>(3,00,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | CDS -കൾക്ക് പരമാവധി<br>3 കോടി രൂപ<br>NGO -യ്ക്ക് പരമാവധി<br>3 കോടി രൂപ | NGO / CDS – 4%,<br>SHG ക്ക് - 5% |
| 5. മഹിളാ സമൃദ്ധി യോജന<br>(വനിതകൾക്കുള്ള ലഘു വായ്പ)<br>(3,00,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | CDS -കൾക്ക് പരമാവധി<br>3 കോടി രൂപ | CDS – 3%,<br>SHG ക്ക് - 4% |
| 6. റീ-ടേൺ വായ്പാ പദ്ധതി<br>(പ്രവാസ ജീവിതത്തിന് ശേഷം നാട്ടിൽ സ്ഥിര താമസമാക്കുന്നതിന് വേണ്ടി മടങ്ങിവരുന്നവർക്കുള്ള പദ്ധതി)<br>(3,00,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 30 ലക്ഷം രൂപ | 5 ലക്ഷം രൂപ വരെ - 6%<br>5 ലക്ഷത്തിന് മുകളിൽ<br>10 ലക്ഷം വരെ - 7%<br>10 ലക്ഷത്തിന് മുകളിൽ - 8% |
| | **പ്രത്യേക ആനുകൂല്യം**<br>പദ്ധതി അടങ്കലിന്റെ 15% വരെ മൂലധന സബ്സിഡി. വായ്പാ തിരിച്ചടവിന്റെ ആദ്യ 4 വർഷങ്ങളിൽ 3% പലിശ സബ്സിഡി. | |
| 7. സ്റ്റാർട്ട്-അപ് വായ്പാ പദ്ധതി<br>(പ്രൊഫഷണലുകൾക്ക് യോഗ്യതാടിസ്ഥാനത്തിൽ വരുമാന ദായക സംരംഭം ആരംഭിക്കുന്നതിനായി)<br>(3,00,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 20 ലക്ഷം രൂപ | 5 ലക്ഷം രൂപ വരെ - 6%<br>5 ലക്ഷത്തിന് മുകളിൽ<br>10 ലക്ഷം വരെ - 7%<br>10 ലക്ഷത്തിന് മുകളിൽ - 8% |
| | **പ്രത്യേക ആനുകൂല്യം**<br>വായ്പാ തുകയുടെ 20% (പരമാവധി 2 ലക്ഷം രൂപ) പിന്നാക്ക വിഭാഗ വികസന വകുപ്പിൽ നിന്നുള്ള സബ്സിഡി. | |

| | | |
|---|---|---|
| 8. റീ-ലൈഫ്<br>(ചെറിയ മൂലധന നിക്ഷേപം ആവശ്യമായ നാമമാത്ര / ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിനായി)<br>(1,20,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 1 ലക്ഷം രൂപ<br><br>**പ്രത്യേക ആനുകൂല്യം**<br>വായ്പാ തുകയുടെ 50% (പരമാവധി 25,000 രൂപ) പിന്നാക്ക വിഭാഗ വികസന വകുപ്പിൽ നിന്നുള്ള സബ്സിഡി. | പലിശ നിരക്ക് - 5% |

**മതന്യൂനപക്ഷങ്ങൾക്കുള്ള പദ്ധതികൾ (മുസ്ലീം, ക്രിസ്ത്യൻ, സിക്ക്, പാഴ്സി, ബുദ്ധ, ജൈനമത വിഭാഗങ്ങൾക്ക്) - NMDFC പദ്ധതികൾ**

| പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് |
|---|---|---|
| 1. സ്വയം തൊഴിൽ പദ്ധതി - 1<br>(ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 20 ലക്ഷം രൂപ | 6% |
| 2. സ്വയം തൊഴിൽ പദ്ധതി - 2<br>(8 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 30 ലക്ഷം രൂപ | പുരുഷൻ - 8%<br>സ്ത്രീ - 6% |
| 3. (എ) ലഘു വായ്പാ പദ്ധതി<br>(സന്നദ്ധ സംഘടനകൾ / CDS വഴി നൽകുന്ന വായ്പ) (Credit Line I)<br>(ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | CDS/NGO – 3 കോടി രൂപ | NGO / CDS – 4%,<br>SHG – 5% |
| 3. (ബി) ലഘു വായ്പാ പദ്ധതി<br>(സന്നദ്ധ സംഘടനകൾ / CDS വഴി നൽകുന്ന വായ്പ) (Credit Line II)<br>(കുടുംബ വാർഷിക വരുമാനം 8 ലക്ഷം) | CDS/NGO – 3 കോടി രൂപ | NGO / CDS – 5%,<br>SHG - 10% |
| 4. വിദ്യാഭ്യാസ വായ്പാ പദ്ധതി - 1<br>(ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | ഇന്ത്യയ്ക്ക് അകത്ത് പഠിക്കുന്നതിന് 15 ലക്ഷം രൂപ (പ്രതിവർഷം 3 ലക്ഷം രൂപ)<br>വിദേശത്ത് പഠിക്കുന്നതിന് 20 ലക്ഷം രൂപ (പ്രതിവർഷം 4 ലക്ഷം രൂപ) | 3% |
| 5. വിദ്യാഭ്യാസ വായ്പാ പദ്ധതി - 2<br>(8 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | ഇന്ത്യയിൽ പഠിക്കുന്നതിന് 20 ലക്ഷം രൂപ (പ്രതിവർഷം 4 ലക്ഷം രൂപ)<br>വിദേശത്ത് പഠിക്കുന്നതിന് 30 ലക്ഷം രൂപ (പ്രതിവർഷം 6 ലക്ഷം രൂപ) | ആൺകുട്ടികൾ - 8%<br>പെൺകുട്ടികൾ - 5% |

| | | |
|---|---|---|
| 6. റീ-ടേൺ വായ്പാ പദ്ധതി - 1<br>(പ്രവാസ ജീവിതത്തിന് ശേഷം നാട്ടിൽ സ്ഥിര താമസമാക്കുന്നതിന് വേണ്ടി മടങ്ങിവരുന്നവർക്കുള്ള പദ്ധതി)<br>(ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 30 ലക്ഷം രൂപ | 6% |
| | **പ്രത്യേക ആനുകൂല്യം**<br>പദ്ധതി അടങ്കലിന്റെ 15% വരെ മൂലധന സബ്സിഡി. വായ്പാ തിരിച്ചടവിന്റെ ആദ്യ 4 വർഷങ്ങളിൽ 3% പലിശ സബ്സിഡി. | |
| 7. റീ-ടേൺ വായ്പാ പദ്ധതി - 2<br>(പ്രവാസ ജീവിതത്തിന് ശേഷം നാട്ടിൽ സ്ഥിര താമസമാക്കുന്നതിന് വേണ്ടി മടങ്ങിവരുന്നവർക്കുള്ള പദ്ധതി)<br>(8 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 30 ലക്ഷം രൂപ | പുരുഷൻ - 8%<br>സ്ത്രീ - 6% |
| | **പ്രത്യേക ആനുകൂല്യം**<br>പദ്ധതി അടങ്കലിന്റെ 15% വരെ മൂലധന സബ്സിഡി. വായ്പാ തിരിച്ചടവിന്റെ ആദ്യ 4 വർഷങ്ങളിൽ 3% പലിശ സബ്സിഡി. | |

**ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വ്യക്തികൾക്ക് - NSKFDC പദ്ധതികൾ**

| പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് |
|---|---|---|
| 1. ലഘു വായ്പാ പദ്ധതി<br>(സന്നദ്ധ സംഘടനകൾ / CDS വഴി നൽകുന്ന വായ്പ) | CDS / NGO – 3 കോടി രൂപ | CDS / NGO – 4%,<br>SHG - 5% |
| 2. മഹിളാ സമൃദ്ധി യോജന<br>(വനിതകൾക്കുള്ള ലഘു വായ്പ)<br>[വരുമാന പരിധി ബാധകമല്ല] | CDS / NGO – 3 കോടി രൂപ | CDS / NGO – 3%,<br>SHG - 4% |

**KSBCDC ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന വായ്പാ പദ്ധതി**

| പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് |
|---|---|---|
| 1. പെൺകുട്ടികളുടെ വിവാഹ വായ്പാ പദ്ധതി<br>(3,00,000/- രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 2 ലക്ഷം രൂപ | 6% |
| 2. സുവർണ്ണ ശ്രീ വായ്പ (ബഹുവിധ ആവശ്യങ്ങൾക്ക്)<br>(3,00,000/- രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 3 ലക്ഷം രൂപ | 8% |
| 3. പ്രവർത്തന മൂലധന വായ്പാ<br>(3,00,000/- രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 3 ലക്ഷം രൂപ | 7% |
| 4. ബിസിനസ്സ് ഡെവലപ്മെന്റ് വായ്പ<br>(8,00,000/- രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 5 ലക്ഷം രൂപ | 8% |

| | | |
|---|---|---|
| 5. വിദ്യാശ്രീ വായ്പ (3,00,000/- രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 3 ലക്ഷം രൂപ | 6% |
| 6. വാഹന വായ്പ (3,00,000/- രൂപയ്ക്ക് മുകളിൽ 15,00,000/- രൂപയ്ക്ക് താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 8 ലക്ഷം രൂപ | 8% |
| 7. ഗൃഹ പുനരുദ്ധാരണ വായ്പ (സ്വസ്ഥ ഗൃഹ) (3,00,000/- രൂപയ്ക്ക് മുകളിൽ 15,00,000/- രൂപയ്ക്ക് താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 5 ലക്ഷം രൂപ | 9% |
| 8. വ്യക്തിഗത വായ്പ (3,00,000/- രൂപയ്ക്ക് മുകളിൽ 15,00,000/- രൂപയ്ക്ക് താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 5 ലക്ഷം രൂപ | 9.5% |
| 9. എന്റെ വീട് (ഭവന നിർമ്മാണ വായ്പാ പദ്ധതി) - 1 (1,20,000/- രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 5 ലക്ഷം രൂപ | 6.5% |
| 10. എന്റെ വീട് (ഭവന നിർമ്മാണ വായ്പാ പദ്ധതി) - 2 (3,00,000/- രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 10 ലക്ഷം രൂപ | 7% |